എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ വിവരം

196 (6901) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 25 വർഷം പിന്നിട്ടവർ അഥവാ 40 വയസ്സ് കഴിഞ്ഞവർ എത്രപേരുണ്ട് ; ഓരോ എക്സ്ചേഞ്ചും തിരിച്ച് സ്ത്രീ എത്ര, പുരുഷൻ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്രപേർക്ക് തൊഴിൽ നൽകി ; ഓരോ എക്സ്ചേഞ്ചും തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി എത്രപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഓരോ എക്സ്ചേഞ്ചുകളും തിരിച്ച് സ്ത്രീ എത്ര, പുരുഷൻ എത്ര എന്ന കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 1079515 പേർ.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതിക്കാർക്കുള്ള എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം

197 (6902) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കുള്ള എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം എന്താണെന്ന് വിശദീകരിക്കുമോ ;

(ബി) പട്ടികജാതി സംവരണ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേകമായി പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിനുകീഴിൽ എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly